**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **10-06-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വിദ്യാലയങ്ങളിലെ ഫീസ് നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് അധ്യായന വർഷവും സ്വകാര്യ/സർക്കാർ വിദ്യാലയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ എങ്കിൽ സ്വകാര്യ സ്കൂളുകളുടെ ഫീസ് ഇനത്തിൽ ഇളവുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2020-2021 അക്കാദമിക് വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിക്കുവാനും നിർദ്ദേശം നല്കിയിരുന്നു. ഈ വർഷവും ഓൺലൈൻ ക്ലാസുകൾ മാത്രം തുടരുന്ന പക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | സ്വകാര്യ സ്കൂളുകളുടെ ഫീസ് നിരക്കുകൾ ഓൺലൈൻ ക്ലാസുകളുടെ അടിസ്ഥാനത്തിൽ കുറയ്ക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ? | (ബി) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2020-2021 അക്കാദമിക് വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിക്കുവാനും നിർദ്ദേശം നല്കിയിരുന്നു. ഈ വർഷവും ഓൺലൈൻ ക്ലാസുകൾ മാത്രം തുടരുന്ന പക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ